മൈത്രി ഭവന നിർമ്മാണ പദ്ധതി

28 (625) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന വീട് പൊളിച്ച് പുതിയ വീട് വയ്ക്കുന്നതിന് മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള വായ്പയുടെ ആദ്യ ഗഡുവോ, ഗഡുക്കളോ, ലഭിച്ചശേഷം തുടർന്നുള്ള ഗഡുക്കൾ ലഭിക്കാതിരുന്ന എത്ര പേർ ഉണ്ടായിരുന്നു ;

(ബി) ഇവർക്കെല്ലാവർക്കും കൂടി എത്ര തുക കൊടുക്കാനുണ്ടായിരുന്നു ;

(സി) പ്രസ്തുത തുക കൊടുക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞുവോ ;

(ഡി) മൈത്രി ഭവന നിർമ്മാണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ഇ) ഈ സർക്കാർ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ഭവന നിർമ്മാണ സഹായം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 56687

(ബി) 56.97 കോടി രൂപ കൊടുക്കുവാൻ ഉണ്ടായിരുന്നു.

(സി) മറ്റു ധനകാര്യസ്ഥാപനങ്ങളെ ആശ്രയിക്കാതെ 36.56 കോടി രൂപ കൊടുക്കുവാൻ കഴിഞ്ഞു.

(ഡി) മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം 30-6-2001-നു മുമ്പ് വായ്പാനുവാദം നൽകിയവർക്ക് ഗഡുക്കൾ നൽകിവരുന്നു പുതുതായി വായ്പ അപേക്ഷകൾ സ്വീകരിക്കുന്നില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം 21552 വീടുകൾ പൂർത്തിയാക്കി. കൂടാതെ 13952 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.

സർക്കാർ ജീവനക്കാർക്ക് വാടകയ്ക്ക് നൽകാൻ വേണ്ടി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന ഭവനങ്ങൾ

29 (626) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് സർക്കാർ ജീവനക്കാർക്ക് നൽകാൻ വേണ്ടി നടത്തുന്ന ഭവന നിർമ്മാണ പദ്ധതി ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം എത്ര പ്ലോട്ടുകളുടെ പണി പൂർത്തിയാക്കി സർക്കാരിനെ ഏൽപ്പിച്ചിട്ടുണ്ട് ; ഈ വർഷം എത്ര എണ്ണത്തിന്റെ പണി പൂർത്തിയാക്കാൻ കഴിയും ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും താലൂക്കുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കന്റോൺമെന്റ്, ജവഹർ നഗർ, പൂജപ്പുര എന്നിവിടങ്ങളിലും എറണാകുളം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട് എന്നീ പ്രദേശങ്ങളിലുമാണ് ഭവന നിർമ്മാണ ബോർഡ് സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) വാടക വീട് പദ്ധതി പ്രകാരം ഇതുവരെ 1833 ഫ്ളാറ്റുകൾ വിവിധ ജില്ലകളിലായി ബോർഡ് നിർമ്മിച്ച് സർക്കാരിന് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചു മാത്രമേ പണി നടത്തുവാൻ കഴിയുകയുള്ളൂ.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം

30 (627) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഭവനനിർമ്മാണ രംഗത്ത് മറ്റു സ്ഥാപനങ്ങളുമായി മൽസരിക്കുവാൻ ഭവനനിർമ്മാണ ബോർഡിന് കഴിയാത്തതിന്റെ കാരണം വിലയിരുത്തുമോ ;

(സി) ഉപഭോക്താവിന്റെ ആവശ്യം അറിഞ്ഞ് വായ്പാ നയം ആവിഷ്ക്കരിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും ബാങ്കിങ്ങ് സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഭവനനിർമ്മാണ ബോർഡിന്റെ വീടും ഫ്ളാറ്റും വാങ്ങാൻ ആളില്ലാത്ത അവസ്ഥ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഭവനനിർമ്മാണ പദ്ധതികൾ കാലോചിതമായി ആവിഷ്ക്കരിക്കുവാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ബോർഡിന്റെ കെടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കുവാനും സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly